## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4131 26.06.2013 -ൽ മറുപടിക്ക്.

### മാക്ഡവ്വൽ കമ്പനിയിൽ മിനിമം വേതനം നൽകുന്നില്ലെന്ന പരാതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ചേർത്തല വാരനാട് പ്രവർത്തിക്കുന്ന മാക്ഡവ്വൽ കമ്പനിയിൽ മിനിമം വേതനം നൽകാതെ തൊഴിലാളികളെക്കൊണ്ട് ജോലിചെയ്യിക്കുന്നുവെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരാതിയിന്മേൽ ആവശ്യമായ അന്വേഷണം നടത്തിയിട്ടുണ്ടോ; തൊഴിലാളികളിൽ നിന്നും ഇതു സംബന്ധിച്ച് തെളിവെടുപ്പ് നടത്തിയിട്ടുണ്ടോ; പരാതിയിന്മേൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; പരാതികൾ ലഭിച്ചിട്ട് എത്രകാലമായി ; | (എ) ചേർത്തല വാരനാട് പ്രവർത്തിക്കുന്ന മാക്ഡവ്വൽ കമ്പനിയിലെ സ്ഥിരം സ്വഭാവമുള്ള തൊഴിലിൽ (ഉല്പാദന പ്രക്രിയ) കരാർ തൊഴിലാളികളെ കൊണ്ട് തുല്യ ജോലിയ്ക്ക് തുല്യ വേതനം നൽകാതെ കുറഞ്ഞ കൂലി നൽകി ജോലി ചെയ്യിക്കുകയാണെന്ന എ. ഐ. റ്റി. യു. സി യൂണിയന്റെ പരാതി 29.06.2011 ന് ആലപ്പുഴ ജില്ലാ ലേബർ ഓഫീസിൽ ലഭിച്ചിട്ടുള്ളതും ആയതിന്മേൽ ആലപ്പുഴ ജില്ലാ ലേബർ ആഫീസർ (എൻഫോഴ്സ്മെന്റ്) ന്റെ നിർദ്ദേശാനുസരണം മൂന്ന് അസിസ്റ്റന്റ് ലേബർ ആഫീസർമാർ അടങ്ങിയ സ്ക്വാഡ് അന്വേഷണം നടത്തിയിട്ടുണ്ട്. എന്നാൽ തൊഴിലാളികൾ സ്ക്വാഡ് പരിശോധന സമയത്ത് പരാതികളൊന്നും ഉന്നയിച്ചിട്ടില്ല. |
| (ബി) കരാർ തൊഴിലാളികൾക്ക് തുല്യജോലിക്ക് തുല്യവേതനം വ്യവസ്ഥ ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ ജില്ലാ ലേബർ ഓഫീസ് എൻഫോഴ്സ്മെന്റിന് നൽകിയിരുന്ന പരാതി അന്വേഷിച്ച് അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ബി) ഉണ്ട്. കരാർ തൊഴിലാളികൾക്ക് തുല്യ ജോലിയ്ക്ക് തുല്യവേതനം ലഭിക്കുന്നില്ല എന്ന എ.ഐ. റ്റി. യു. സി യൂണിയന്റെ പരാതിയുടെ അടിസ്ഥാനത്തിലാണ് ജില്ലാ ലേബർ ആഫീസർ (എൻഫോഴ്സ്മെന്റ്) ന്റെ നേതൃത്വത്തിൽ ടി സ്ഥാപനത്തിൽ പരിശോധന നടത്തിയത്. ടി പരിശോധനയിൽ കരാർ തൊഴിലാളികളിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും നൽകുന്ന വേതനത്തിൽ അന്തരമുണ്ടെന്ന് കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ തുടരന്വേഷണത്തിൽ ഇവർ തുല്യ |

ജോലികളല്ല ചെയ്യുന്നതെന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പുരുഷ തൊഴിലാളികൾ ശാരീരികാധ്വാനം കൂടുതൽ വേണ്ടി വരുന്ന ലോഡിംഗ്, അൺ ലോഡിംഗ്, ജംബോ ഷിഫ്റ്റിംഗ് എന്നീ ജോലികൾ ചെയ്യുമ്പോൾ സ്ത്രീ തൊഴിലാളികൾ ലേബലിങ്ങ്, പാക്കിംഗ്, ചെക്കിംഗ്, പ്രിൻറിംഗ്, വേസ്റ്റ് കാർട്ടൺ നീക്കം ചെയ്യൽ എന്നീ ജോലികളാണ് ചെയ്യുന്നതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഈ നിയമം മേൽപ്പറഞ്ഞ സാഹചര്യത്തിൽ ബാധകമല്ല.

സെക്ഷൻ ആഫീസർ.